# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി6/248 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 12/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി6/248 /2022 തീയ്യതി: 12/04/2022

## കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-03-2021 മുതൽ 02-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 03-02-2022 | 11-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2022 | 11-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീമതി.നിഷ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.വനജ മാടത്താൻക്കണ്ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബാലഗോപാലൻ കെ പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ഷീബ എ വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അശോകൻ മലപ്പിലായി | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീമതി റീന എ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2020 | 29-06-2020 |
| ശ്രീമതി സജിത പി പി | സെക്രട്ടറി | 30-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലക്ഷ്മി ആർ നാഥ് | കൃഷി ഓഫീസർ | 01-04-2020 | 21-06-2020 |
| ശ്രീമതി ശ്വേത ശ്രീ മോഹൻ | കൃഷി ഓഫീസർ | 22-06-2020 | 31-03-2021 |
| ശ്രീ റാം മോഹൻ ഷെട്ടി | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്വേത ബി റാം | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 03-06-2020 |
| ശ്രീമതി.രേഷ്മ പി സി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 04-06-2020 | 30-09-2020 |
| ശ്രീമതി ശ്വേത ബി റാം | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-10-2020 | 31-03-2021 |
| ശ്രീ ബിപിൻ ചന്ദ്ര വി ബി | വി ഇ ഒ (മക്രേരി ) | 01-04-2020 | 31-03-2021 |
| ശ്രീ സിനൂപ് സി വി | വി ഇ ഒ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (മാവിലായി ) | | |
| ശ്രീമതി നിഷ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി വാണി എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ പ്രദീപൻ എം കെ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി റീന എ ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ജയൻ.എം.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ടി ആർ രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഹീര ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 21-11-2020 |
| ശ്രീമതി മംഗള ലക്ഷ്മണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-11-2020 | 20-02-2021 |
| ശ്രീമതി ഹീര ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 21-02-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ കാലയളവിൽ ശ്രീമതി സജിത പി പി, സെക്രട്ടറി, ശ്രീമതി വാണി എൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി ശ്വേതശ്രീ മോഹൻ, കൃഷി ഓഫീസർ എന്നിവരടങ്ങിയ നിർവ്വഹണ കമ്മിറ്റിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-4 |
| 6 | പദ്ധതിഅവലോകനം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-7 |
| 9 | വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-7-1 |
| 10 | വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-7-2 |
| 11 | സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്നത്<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-7-3 |
| 12 | ക്യാഷ് പരിശോധന<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-9 |
| 14 | ഗ്രാമസഭ<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-10 |
| 15 | വിവിധ കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-11 |
| 16 | ഇ-ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത്<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-12 |
| 17 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി | 1-13 |

| | | |
|---|---|---|
| | ഒഴിവാക്കൽ - അപാകങ്ങൾ<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | |
| 18 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-14 |
| 19 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-15 |
| 20 | മുൻ ഓഫീസ് അറ്റൻഡന്റിന്റെ ശമ്പള റിക്കവറി തുക നാളിതുവരെയായിട്ടും ക്രമീകരിക്കാത്തത്<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-16 |
| 21 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-17 |
| 22 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കാത്തത്<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-18 |
| 23 | റർബൻ മിഷൻ പദ്ധതി - PHC കോമ്പൌണ്ടിൽ സോളാർ ഫീൽഡ് സ്ഥാപിക്കൽ - ₹12,500,000 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-19 |
| 24 | പെരളശ്ശേരി കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നൽകിയ ₹2203തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 14-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-20 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്തൃ ലിസ്റ്റും കന്നുകുട്ടി ജനന രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല – ചെലവുതുക ₹1,87,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-21 |
| 26 | ആടു വളർത്തൽ പദ്ധതി രേഖകൾ ലഭ്യമാക്കിയില്ല. ₹1,20,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-22 |
| 27 | വീട് വാസയോഗ്യമാക്കൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച ₹1,00,000 തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-23 |
| 28 | ഗാർഹിക റിംഗ് കമ്പോസ്റ്റ് - TDS ഈടാക്കാതെ സ്ഥാപനത്തിന് തുക അനുവദിച്ചു- ₹31,814 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-24 |
| 29 | അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-25 |
| 30 | ദുരിതാശ്വാസ നിധി സൂക്ഷിപ്പ് കാര്യക്ഷമമല്ല | 1-26 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | |
| 31 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങൽ - ചെലവുതുക ₹50,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-27 |
| 32 | മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Dhanya M (Auditor, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-28 |
| 33 | രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല, ₹ 35,940 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 14-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-29 |
| 34 | ഐറ്റം റേറ്റ് നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് - ₹11,745 നിരാകരിക്കുന്നു<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-30 |
| 35 | കാട്ട് ചെയ്ത ഐറ്റം റേറ്റിലേയ്ക്ക് ലിമിറ്റ് ചെയ്യതില്ല -അധികം നൽകിയ ₹22,595.42 ഈടാക്കി ഒടുക്കി<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 1-31 |
| 36 | ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കാത്തത്<br>Written By: Lathavani (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 1-32 |
| 37 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പ് -അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 14-02-2022)<br>Last Updated By: Lathavani (Audit Officer, On 27-02-2022) | 1-33 |
| 38 | ഫിഷറീസ് സബ് ഇൻസ്പെക്ടർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 15-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഐറ്റം റേറ്റ് നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് - ₹11,745 നിരാകരിക്കുന്നു<br>Written By: Lathavani (Audit Officer, On 20-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 15-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-3 |
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | |
| 5 | വായ്പ / വായ്പതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 4-7 |
| 8 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 25-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 15-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 12-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Lathavani (Audit Officer, On 12-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 07-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| ഭരണസമിതി തീരുമാനം &തിയ്യതി | 49/20 Dt 26.3.2020 | ഭരണസമിതി തീരുമാനം& തിയ്യതി | 64/21 Dt12.3.21 |
| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനംനം തീയതി | 17/20dt5.3.20 | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിതീരുമാനം നം തീയതി | 10/21dt5.2.2021 |
| മുന്നിരിപ്പ് | 10858024 | മുന്നിരിപ്പ് | 12619839 |
| വരവ് | 270913810 | വരവ് | 198005554 |
| ആകെ | 281771834 | ആകെ | 210625393 |
| ചെലവ് | 274437310 | ചെലവ് | 204191499 |
| നീക്കിയിരിപ്പ് | 7334524 | നീക്കിയിരിപ്പ് | 6433894 |

ബജറ്റ് പ്രസംഗം, പെർഫോമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 12.05.2021ലെ എ-1-3539/2020 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 12.05.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1)മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് നീക്കിയിരിപ്പിൽ അധികമായിട്ടുള്ള ₹ 420-യുടെ വ്യത്യാസത്തിന് കൃത്യമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവഴിച്ച തുക | തിരിച്ചടച്ചത് | നീക്കിയിരിപ്പ് ലഭിക്കുന്നത് | വാർഷിക ധനകാര്യ പത്രിക - നീക്കിയിരിപ്പ് AFS -B4 |
| 3540 | 600810 | 604350 | 591281 | 12489 | 580 | 1000 |

2)സംയുക്ത പ്രോജക്ടിൽ B4-ൽ ₹ 26,20,358 (2618958+1400) നീക്കിയിരിപ്പുണ്ട് . RP-40(B), B-17 എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹ 19,72,673 ആണ്. (10 ലക്ഷം + 9,72,673 (ട്രഷറി ഡയറക്ടർ പിൻവലിച്ചത്) ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

3)B9-പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിൽ വാർഷിക ധനകാര്യ പത്രിക B-2ഷെഡ്യൂൾ പ്രകാരം ബാക്കിയുള്ള തുക 42605 രൂപയാണ്. എന്നാൽ B-17ഷെഡ്യൂളിൽ കാനറ ബാങ്കിൽ 19,95,987 നീക്കിയിരിപ്പുണ്ട്. ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിൽ ഇനിചെലവഴിക്കാൻ ബാക്കിയുള്ളതുകയും (₹12,72,299), മറ്റിനങ്ങളിലെ തുകയും ഈ അക്കൗണ്ടിലാണ് ഉള്ളത് . രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പുള്ള തുക 19,95,987 വാർഷിക ധനകാര്യപത്രികയിലെ -B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>ഇനം</td><td>രജിസ്റ്റർ പ്രകാരം</td><td>AFS -B4</td></tr>
<tr><td>ദുരിതാശ്വാസ നിധി</td><td>42605</td><td>42605</td></tr>
<tr><td>കോവിഡ് -മാറ്റി വച്ച ശംബളം</td><td>636484</td><td>636484</td></tr>
<tr><td>ഷെൽട്ടർ ഹോംസ്</td><td>56,000</td><td>56,000</td></tr>
<tr><td>മഴക്കാല പൂർവ്വശുചീകരണം</td><td>180000</td><td rowspan="2">3,62,956</td></tr>
<tr><td>ഷെഡ്രിംഗ് യൂണിറ്റ്</td><td>90797</td></tr>
<tr><td>ശുചിത്വം</td><td>9,90,101 (പലിശ ഉൾപ്പെടെ )</td><td>909343</td></tr>
<tr><td>ആകെ</td><td>19,95,987</td><td>20,07,388</td></tr>
</table>

4) B-9 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന 2021 മാർച്ച് മാസം കൊടുത്ത് തീർക്കാനുള്ള ബാധ്യതകൾ യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | B-9 ഷെഡ്യൂൾ പ്രകാരം | വൗച്ചർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ജി പി എഫ് | 359585 | 44950 | 314635 |
| കെ പി ഇ പി എഫ് | 894582 | 76292 | 818290 |
| എസ് എൽ ഐ | 7700 | 7175 | 525 |
| ജി ഐ എസ് | 7175 | 5700 | 1475 |
| എൽ ഐ സി | 17906 | 15845 | 2061 |

വ്യത്യാസമുള്ള ജി.പി.എഫ്., കെ.പി.ഇ.പി.എഫ്. തുകയിൽ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക കൂടി ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, നേരത്തേ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന, ലീവിൽ പോയതും, വകുപ്പിലില്ലാത്തതുമായ ഓഫീസ്

അറ്റൻഡന്റിൽ നിന്നും KPEPF, SLI, GIS എന്നിവയ്ക്കായി ഈടാക്കി ഒടുക്കാൻ ബാക്കിയുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 1-16 കാണുക.

5)B- 9 ഷെഡ്യൂളിലെ അതർ ലയബിലിറ്റിയിൽ "ഇ സാൻഡ്" ഇനത്തിലുള്ള 11,760രൂപയും പെൻഷൻ തിരിച്ചടച്ച ഇനത്തിലുള്ള 2200 രൂപയും ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)മുൻ വർഷത്തെ B- 11 ഷെഡ്യൂളിൽ ടാർ റോഡ് സ്ഥിരാസ്തി മൂല്യത്തോട് കൂടെ (₹39762201) ഈ വർഷത്തെ RP-38 ലെ തുക ₹330915 കൂട്ടിയാൽ, ഈ വർഷത്തെ B- 11 ഷെഡ്യൂളിലെ ടാർ റോഡ് സ്ഥിരാസ്തി മൂല്യമായ 49143945/- രൂപ ലഭിക്കുന്നില്ല . വ്യത്യാസം ₹ 9050829 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിലെ തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

7) B-11ലെ Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation,Book Value Of Asset, Life Time Of Asset Etc ) ലഭ്യമാക്കിയിട്ടില്ല

8) B-11 ഷെഡ്യൂളിലെ സ്ഥിരാസ്തിയിൽ വാഹനത്തിന്റെ മൂല്യം ഉൾപ്പെട്ടിട്ടില്ല

9) ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

10)B9-ൽ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും മൂന്ന് വർഷം മുൻപുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

11) NREGS ആകെ ചെലവ് 19545498 വാർഷിക ധനകാര്യപത്രികയിലെ 1-14(A)യിലെ ചെലവ് ₹ 19542538-യുമായി പൊരുത്തപ്പെടുന്നില്ല.

12)2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 എഫ് പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

13) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസവിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ഭാഗ പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 3,35,98,483.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,15,32,910.00 |
| ആകെ | 10,51,31,393.75 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,57,01,580.00 |
| നീക്കിയിരിപ്പ് | 19429813.75 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,745 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,25,254 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,35,14,625 | 1,35,14,625 | 1,34,51,342 | 6,3283 |
| വികസന ഫണ്ട് എസ്.സി.പി | 0 | 17,49,819 | 17,49,819 | 15,50,000 | 199819 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് റോഡ് | | 0 | 1,16,03,000 | 1,16,03,000 | 1,05,40,605 | 10,62,395 |
| മെയിന്റനൻസ് നോൺറോഡ് | | 0 | 43,21,000 | 43,21,000 | 41,59,415 | 1,61,585 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | | 0 | 1,05,68,601 | 1,05,68,601 | 7799040 | 2769561 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | 0 | 52,60,000 | 52,60,000 | 2519085 | 2740915 |
| എംജിഎൻ ആർഇ ജിഎസ് | ഭരണചെലവ് | 3,540 | 6,00,810 | 6,04,350 | 591281+ 12489 (തിരിച്ചടച്ചു) | 580* |
| | തൊഴിലാളി കളുടെ കൂലി, സാധന സാമഗ്രി കളുടെ ചെലവ് | | 18941728 | 18941728 | 18941728 | |
| ശുചിത്വം | | 4,80,000 | 27,51,043 | 32,31,043 | 23,21,700 | 909343 |
| ഐസിഡിഎസ് | | 6,73,233 | 10,52,894 | 17,26,127 | 7,83,745 | 9,42,382 |
| സെൻട്രൽ ഗവ. | | 96,657 | 0 | 96,657 | 0 | 96,657 |
| റർബൻ | | 1,26,11,783 | 3,34,633 | 1,29,46,416 | 1,29,08,838 | 37,578 |
| എം പി ഫണ്ട് | | 2434 | 70 | 2504 | 2489 (തിരിച്ചടവ് ) | 15 |
| ലൈഫ് മിഷൻ - | | | 3,60,000 | 3,60,000 | 1,60,000 | 2,00,000 |
| ഷെൽട്ടർ ഹോംസ് | | 1,065 | 2,35,123 | 2,36,188 | 1,80,188 | 56,000 |
| ശുചിത്വം | | 1,75,263 | 3,84,493 | 5,59,756 | 1,96,800 | 3,62,956 |
| മറ്റ് ഗവ ഏജൻസീസ് (ഇലക്ഷൻ , കോവിഡ് 19, എൽ ഇ ഡി ടി വി) | | | 87653 | 87653 | 61,000 (ചെലവഴിച്ച +26,653 (തിരിച്ചടച്ച ) | 0 |
| കേരളോത്സവം | | 5000 | 0 | 5000 | 0 | 5,000 |
| സ്റ്റേറ്റ് സ്പോൺസേഡ് | | 20,288 | 0 | 20,288 | 0 | 20,288 |

* നീക്കിയിരിപ്പിലെ ₹420 വ്യത്യാസത്തിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷീക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല .

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷംഅംഗീകരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 205 | 9,36,36,289 | 172 | 5,77,41,000 | 166 | 6 | 33 | 83.90 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 1,11,03,800 | 18 | 53,86,394 | 18 |
| 2 | വെറ്റിനറി സർജൻ | 10,90,000 | 5 | 8,40,000 | 5 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 20,62,000 | 8 | 7,79,548 | 6 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11,00,000 | 2 | 11,00,000 | 2 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മക്രേരി) | 1,59,25,900 | 16 | 52,15,061 | 14 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാവിലായി) | 1,00,06,024 | 15 | 59,79,552 | 14 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 74,15,225 | 10 | 60,49,553 | 9 |
| 8 | സെക്രട്ടറി | 82,23,905 | 27 | 41,13,558 | 2 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 3,26,32,279 | 84 | 2,48,99,536 | 67 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 13,00,156 | 11 | 10,48,125 | 11 |
| 11 | ഹെഡ്മാസ്റ്റർ, | 3,72,000 | 5 | 1,35,910 | 2 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 13,05,000 | 2 | 11,06,313 | 2 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 11,00,000 | 1 | 10,87,450 | 1 |
| | | 9,36,36,289 | 205 | 5,77,41,000 | 172 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എംജിഎൻ ആർഇജിഎസ് | ഭരണ ചെലവ് | 3,540 | 6,00,810 | 6,04,350 | 591281+ 12489 (തിരിച്ചടച്ച) | 580* |
| | തൊഴിലാളികളുടെകൂലി | | 1,47,09,692 | 1,47,09,692 | 1,47,09,692 | |

*വാർഷിക ധനകാര്യ പത്രികയുമായി ₹ 420 വ്യത്യാസമുണ്ട്. പലിശ ഇനത്തിൽ നിന്നും അറിയാതെ ചെയ്തുപോയ പെയ്മെന്റ് ആണെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (4/8.2.22) മറുപടി നൽകിയത്. വിശദീകരണം തൃപ്തികരമല്ല.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആകെ 3266 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1817 കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 302 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം പൂർണ്ണമായും തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 317 പദ്ധതികളിൽ 129 പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ 47696 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 68,68,600 | 437 |
| വിധവാപെൻഷൻ | 1,59,45,200 | 1058 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3,50,86,100 | 2620 |
| ഭിന്ന ശേഷി പെൻഷൻ | 46,50,300 | 306 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 46,71,800 | 313 |
| വിവാഹധനസഹായം | 3,60,000 | 12 |

## 1-7-1 വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

2020-21 വർഷം പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്റ്റർ | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| വി.വി.ഗോവിന്ദൻ | 899901058723 | 111440200404 | 49/20 Dt 21.5.20 | 9.5.2020 | 2/21വരെ |

മേൽ പരാമർശിച്ച വി.വി.ഗോവിന്ദൻ എന്നവരുടെ പെൻഷൻ സസ്പെൻഡ്ചെയ്യുന്നതിനും അധികം അക്കൗണ്ട് ചെയ്ത 15,000രൂപ തിരിച്ചടക്കുന്നതിനായി ബാങ്കിനും, ഗുണഭോക്താവിന്റെ മകനും കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് ( 15 /9.2.2022 ) മറുപടി നൽകിയിട്ടുണ്ട് . തൻവർഷം മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും മരണ ശേഷം ഇപ്രകാരം പെൻഷൻ നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-7-2 വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

2020-21 വർഷം പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്റ്റർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| എം.ലീല (കണ്ണൂർ കോർപ്പറേഷൻ) | 794192095233 | 11370600386 | 73/20dt21.7.20 | 13.4.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 12/21 വരെ |

മേൽ പരാമർശിച്ച ,കണ്ണൂർ കോർപ്പറേഷനിലെ ദേശീയ വിധവ പെൻഷൻ ഗുണഭോക്താവായ ശ്രീമതി.ലീല.എം എന്നവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനായി

കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കത്ത് നൽകിയതായി ഓഡിറ്റ് എൻക്വയറിയ്ക്ക് ( 15 /9.2.2022 ) മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

തൻവർഷം മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും മരണ ശേഷം ഇപ്രകാരം പെൻഷൻ നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-7-3 സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷപെൻഷൻ കൈപ്പറ്റുന്നത്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ,ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 33 പേർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുണ്ട്. ഇതിൽ 9 പേർ തുക തിരിച്ചടച്ചതായും, ഒരാൾ എക്സ്ഗ്രേഷ്യ പെൻഷനറായതിനാൽ പെൻഷൻ തിരിച്ചടക്കുന്നതിൽ നിന്നും ഒഴിവായിട്ടുണ്ടെന്നും, ബാക്കി ഗുണഭോക്താക്കളുടെ തുക തിരിച്ചടക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് 19.1.2022ന് കത്ത് നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (15 / 9.2.2022) മറുപടി നൽകിയിട്ടുണ്ട്. ഇവർ തുക സാമൂഹ്യ സുരക്ഷപെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)O വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-02-2022 തീയതി 3.00 P M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 19365/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ കൃത്യമായ ജോലിവിഭജനം നടത്തി ചുമതലകൾ ഏൽപിച്ചുവരുന്നുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാരണം ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്നിട്ടില്ലെങ്കിലും ജൂൺ മുതൽ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ ഓഫീസ് പ്രവർത്തനത്തിൽ സംഭവിക്കുന്ന പോരായ്മകൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്നു വരുന്നുണ്ട്. നികതി പിരിവ് 100% കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലും തൻവർഷം 2021 ഫെബ്രുവരി മാസം മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2/2021ലെ പ്രധാന അജണ്ട 2021-22 വർഷത്തെ പദ്ധതി രൂപീകരണം, 2020-21 ലെ വാർഷിക വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വിവിധ കമ്മിറ്റികളുടെ പ്രവർത്തനം

2020-21 വർഷം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും പുനസംഘടിപ്പിച്ചിട്ടില്ല. 2020 -21 വർഷം ആസൂത്രണ സമിതി 01.02.2021 ന് ഒരു യോഗം മാത്രമേ കൂടിയിട്ടുള്ളൂ.

2020-21 വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 2021 ഫെബ്രുവരി മാസം 4, 9, 12 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്. എന്നാൽ യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. പങ്കെടുത്തവരുടെ പേരുകൾ മാത്രമേ ചില യോഗത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന കർത്തവ്യമായ മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല . വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം 04.1.2021 തീയതി നടന്നിട്ടുണ്ട്.

2021-22 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പും പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2020-21 വർഷത്തെ സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ ഏപ്രിൽ മുതൽ ഒക്ടോബർ വരെ എല്ലാ മാസങ്ങളിലും നടന്നിട്ടുണ്ട്. പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്നിട്ടുണ്ട്.

## 1-12 ഇ-ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇ ടെണ്ടർ സൈറ്റിൽ നിന്നും ലഭിച്ചതു പ്രകാരം 2016 മുതൽ 2021 വരെ ആകെ ₹ 2,88,385 വില ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്.തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്

## 1-13 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ

1. പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കലിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നികുതി ഒഴിവാക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചുവെങ്കിലും സഞ്ചയയിൽ നിന്നും ടി കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയിട്ടില്ല.

| വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാ തീയതി | ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ/തീയതി |
|---|---|---|---|
| 12/424 | രുഗ്മിണി പി കെ | ലഭ്യമല്ല | 30/19, 04.06.2019 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/10.02.2022) ശ്രീ രുഗ്മിണി പി കെ എന്നയാളുടെ കെട്ടിടത്തെ സഞ്ചയയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. 2021-22 വർഷം വസ്തുനികുതി ഒഴിവാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച കെട്ടിടങ്ങളെ 2020-21 വർഷം തന്നെ സഞ്ചയ പ്രകാരം നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാ തീയതി | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|---|
| 16/404 | സജീവൻ എ | 03.07.2020 | 33/2020, 24.07.2020 | 2020-21 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 17/43 | പി രാജൻ | 25.08.2020 | 46/20,28.10.2020 | 2020-21 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 9/75 | വി.ആർ ശശീന്ദ്രൻ | 04.11.2020 | 22/21, 32.03.2021 | 2020-21 വർഷ നികുതി ഒടുക്കിയിട്ടുണ്ട് |
| 16/48 | കായ്യത്ത് ഉസ്സൻകുട്ടി | 24.11.2020 | - | 2020-21 വർഷ നികുതി ഒടുക്കിയിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി |

| | | | | |
|---|---|---|---|---|
| | | | | തീരുമാനത്തിൽ ടിയാൾ ഉൾപ്പെട്ടിട്ടില്ല. |

നികുതി ഡിമാന്റ് ഇല്ലാതെ കളക്ഷൻ വന്നതിനാൽ ഈ തുക സഞ്ചയ പ്രകാരം നികുതി കഴിച്ച് അധികം തുകയായാണ് കണക്കാക്കിയിട്ടുള്ളത്. മേൽ അപാകം സംബന്ധിച്ച് 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം ഈടാക്കേണ്ട തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| **1 മൈക്രോ എന്റർപ്രൈസസ്** | | |
| മേഖല | മൂലധന നിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| **2 മിനി എന്റർപ്രൈസസ്** | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| **3 സ്മോൾ എന്റർപ്രൈസസ്** | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 1കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കവിയാത്തതും | |
| **4 മീഡിയം എന്റർപ്രൈസസ്** | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതും | 10000 |
| സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | |
| **5 ലാർജ്ജ് എന്റർപ്രൈസസ്** | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന | 10 കോടി രൂപയിൽ കൂടുതൽ | 15000 |

| | | |
|---|---|---|
| മേഖല | | |
| സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2018 തീയതിയിലെ 15/18(4) നമ്പർ തീരുമാന പ്രകാരം ഷെഡ്യൂൾ 2 പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഈടാക്കുന്ന മിനിമം ലൈസൻസ് തുക 500/- രൂപയാണ്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഭരണസമിതി തീരുമാന പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കിയിട്ടുള്ളത്.

1. ഫീസ് കൂടുതലായി/കുറവായി ഈടാക്കി

| സ്ഥാപനം/ ഉൾപ്പെടുന്ന മേഖല | വാർഡ് നം./ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നം, തീയതി | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| റെയ്ഡ്കോ കറി പൗഡർ ഫാക്ടറി | XVII/330-332,334-336 | എം. കെ രാഹേഷ്, ഫാക്ടറി മാനേജർ | 50 ലക്ഷം | 5000/ 107459, 03.03.2020 | 1000 |
| കയർ ഉൽപ്പന്ന നിർമ്മാണം | VIII/10,11,12 | പ്രസിഡണ്ട്, കണ്ണൂർ കയർ മാറ്റ്സ് & മാറ്റിംഗ്സ് വ്യവസായ സഹകരണ സംഘം | 3 ലക്ഷം | 4000/107461 (തീയതി രേഖപ്പെടുത്തിയിട്ടില്ല) | 500 |
| ഓൺലൈൻ ഷോപ്പ് | XVII/389 F,G | ഷാജുഭാൻ ഇ | 7 ലക്ഷം | 1000 / 103535, 23.10.2020 | 500 |
| ഹോസ്പിറ്റൽ | XII/ 358 | മാനേജർ, എ.കെ.ജി സ്മാരക ഹോസ്പിറ്റൽ | 20 ലക്ഷം | 5000/ 106472, 30.01.2021 | 1000 |

2. ഭരണസമിതി തീരുമാനത്തിൽ പ്രതിപാദിക്കാത്ത നിരക്ക് ഈടാക്കി

| സ്ഥാപനം/ ഉൾപ്പെടുന്ന മേഖല | വാർഡ് നം/ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/രശീത് നം,തീയതി |
|---|---|---|---|---|
| സപ്ലൈകോ സൂപ്പർ മാർക്കറ്റ് | IX/ 547-553 | മാനേജർ , സപ്ലൈകോ സൂപ്പർ മാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 1500/107546, 09.03.2020 |
| ഇവന്റ് മാനേജ്മെന്റ് | X/310 A | എം.കെ പ്രിജുൽ | രേഖപ്പെടുത്തിയിട്ടില്ല | 2000/ 107564, 09.03.2020 |
| ടൈൽസ് &സാനിറ്ററി വിൽപ്പന | XVII/205 A,B | ഷിജി എം | രേഖപ്പെടുത്തിയിട്ടില്ല | 1500/107615, 12.03.2020 |
| പെട്രോൾ | X/421 | സീനിയർ | രേഖപ്പെടുത്തിയിട്ടില്ല | 7000/100308, |

| | | | | |
|---|---|---|---|---|
| പമ്പ് | | ഡിവിഷണൽ റീട്ടെയിൽ സെയിൽസ് മാനേജർ, ഐ.ഒ.സി | | 04.06.2020 |

II) മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഇത്തരത്തിലുള്ള അപേക്ഷകരിൽ നിന്നും തന്നെ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/09.02.2022) അപേക്ഷയിൽ മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മറ്റു അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

ജി ഒ (പി) നം.149/2016/ഫിൻ തീയതി 4.10.2016 പ്രകാരം 1.1.2017 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം. | പേര്/തസ്തിക/അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ രൂപ | ഒടുക്കേണ്ടത് രൂപ |
|---|---|---|---|
| 1 | ശ്രീമതി സജിത പി പി<br>സെക്രട്ടറി<br>₹55,350 | ₹450 | ₹600 |
| 2 | ശ്രീ. മനോജ്കുമാർ വി<br>അക്കൌണ്ടന്റ്<br>₹36,600 | ₹350 | ₹500 |
| 3 | ശ്രീമതി. ഷഹനാദ്<br>ഹെഡ് ക്ലർക്ക്<br>₹36,600 | ₹400 | ₹500 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രീമിയം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 10/8.2.22) മേൽ ജീവനക്കാരിൽ നിന്നും നിർദ്ദിഷ്ട നിരക്കിൽ പ്രീമിയം അടവാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി എസ് എൽ ഐ പ്രീമിയം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മുൻ ഓഫീസ് അറ്റൻഡന്റിന്റെ ശമ്പള റിക്കവറി തുക നാളിതുവരെയായിട്ടും ക്രമീകരിക്കാത്തത്

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൻ മുൻകാലങ്ങളിൽ ജോലി ചെയ്തിരുന്ന ഓഫീസ് അറ്റൻഡന്റിന്റെ (പേര് ലഭ്യമായിട്ടില്ല) ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ തുകകൾ നാളിതുവരെയായിട്ടും അതാത് സ്കീംലേക്ക് ഒടുക്കാതെ ബാധ്യത ഹെഡിൽ തുടർന്നു വരികയാണ്. ഈ ഓഫീസ് അറ്റൻഡന്റ് ലീവിൽ പോയതും, ഇപ്പോൾ വകുപ്പിലില്ലാത്തതുമാണ്. കേരള സംസ്ഥാന വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ- 1-2-1 ൽ ഈ വിഷയം റിപ്പോർട്ട് ചെയ്ത് തുക ക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായിട്ടും നടപടികൾ തുടങ്ങിയിട്ടില്ല. ഓഫീസ് അറ്റൻഡന്റിന്റെ റിക്കവറി തുക എത്രയെന്ന് കൃത്യമായി കണക്കാക്കി, ആയത് യഥാവിധി ക്രമീകരിക്കേണ്ടതാണ് .

## 1-17 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 41,093/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.13 തീയതി 23.10.2020) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**<u>1-18 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ഹാജരാക്കാത്തത്</u>**

പഞ്ചായത്തിലെ എളവന AKG റോഡ് മുതൽ ഒടുങ്ങോട് അച്ച്യുത വിലാസം LPS റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം കാടാച്ചിറ KSEB യിൽ ചുവടെ ചേർത്ത പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം.& തീയതി | തുക |
|---|---|---|
| 1 | 22000614/10.11.2020 | ₹9876 |
| 2 | 22000877/29.1.2021 | ₹33040 |
| 3 | 22000876/25.3.2021 | ₹3702 |
| | ആകെ | ₹46,618 |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ- ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/8.2.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

**<u>1-19 റർബൻ മിഷൻ പദ്ധതി - PHC കോമ്പൌണ്ടിൽ സോളാർ ഫീൽഡ് സ്ഥാപിക്കൽ - ₹12,500,000 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>**

റർബൻ മിഷൻ പദ്ധതി പ്രകാരം പൊതുവാച്ചരി PHC കോമ്പൌണ്ടിൽ സോളാർ ഫീൽഡ് സ്ഥാപിക്കുന്നതിനായി വൗച്ചർ നം. 22000406/ തീയതി 4.9.2020പ്രകാരം ₹1,25,00,000 ചീഫ് എഞ്ചിനീയർ,റീന്യൂവബിൾ എനർജി & എനർജി സേവിംഗ്സ്, കെ എസ് ഇ ബി എൽ -ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം, പുരോഗതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/8.2.22ന് നിലവിൽ പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയുള്ളൂ എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**<u>1-20 പെരളശ്ശേരി കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നൽകിയ ₹2203തിരികെ ഈടാക്കേണ്ടതാണ്.</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 11/21, കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹ 50,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹ 40,469 |
| ബിൽ നമ്പർ, തീയതി | ₹ 29/20-21, 19-02-21 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് കൃഷി ഭവനിൽ ഉപയോഗിക്കുന്നതിന് വേണ്ടി കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ കേന്ദ്രീകൃത ഓൺലൈൻ വാങ്ങൽ സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത് കേരള

സ്റ്റേറ്റ് ഐ.ടി. മിഷൻ ലഭ്യമാക്കുന്ന പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക അവരുടെ അക്കൗണ്ടിലേക്ക് കൈമാറുകയും അവർ കെൽട്രോൺ മുഖേന കമ്പ്യൂട്ടർ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനായി കേരള സംസ്ഥാന ഇലക്ട്രോണിക്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 799011400003959 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ₹40,469, 02-02-2021 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ ഒരു വർഷത്തിനു ശേഷം 28-01-22ന് മാത്രമാണ് TNI2293169575 നമ്പർ ഇൻവോയ്സ് പ്രകാരം ₹38,266-യുടെ കമ്പ്യൂട്ടർ ലഭ്യമായിട്ടുള്ളത്. പ്രഫോർമ ഇൻവോയ്സ് പ്രകാരം ₹40,469 നൽകിയിട്ടുണ്ടെങ്കിലും ₹ 38,266 യുടെ കമ്പ്യൂട്ടറാണ് കെൽട്രോൺ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹2203 തിരികെ ഈടാക്കിയതിന്റെയും കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/20-21,09-02-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി യതിന്റെ വിവരവും ഇൻസ്റ്റലേഷൻ റിപ്പോർട്ടും പരിശോനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്തൃ ലിസ്റ്റും കന്നുകുട്ടി ജനന രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല – ചെലവുതുക ₹1,87,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 43/21, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹1,87,000 (തനത് ഫണ്ട്) |
| | ₹1,87,000 (മറ്റുള്ളവ) |
| ആകെ | ₹ 3,75,000 |
| ചെലവ് | ₹3,75,000, ചെക്ക് നമ്പർ 1655170, 18-2-2021 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള പെൺകിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. 15 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത പെരളശ്ശേരി ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങളും ആവശ്യമായ രേഖകളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

1. ₹1,25,000 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതും ലഭ്യമാക്കേണ്ടതാണ്.

2. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

3. 15 ഗുണഭോക്താക്കളെ പ്രോജക്ടിൽ എൻറോൾ ചെയ്ത് തുക കൈമാറിയെങ്കിലും പെരളശ്ശേരി ക്ഷീര സഹകരണ സംഘം ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം സതി .എ .എന്ന ഗുണഭോക്താവ് തുടക്കം മുതൽ കാലിത്തീറ്റ വാങ്ങിയിട്ടില്ല. ഇവർ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തി സബ്സിഡി തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്

കൈപ്പറ്റ് രശീതും പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുമെന്നും കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരണത്തിനു ശേഷം ബാക്കി വരുന്ന സബ്സിഡി തുക സർക്കാർ അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കുമെന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/20-21, 09-2-2022) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

4. സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ, തീയതി 14-02-18 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.6 പ്രകാരം മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റാണ് പ്രോജക്ടിനായി ഉപയോഗിക്കേണ്ടത്. എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത കന്നുകുട്ടികളുടെ വിവരങ്ങൾ മൃഗാസ്പത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

5. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനയും തെളിയിക്കുന്ന നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളെ മുൻഗണന നിശ്ചയിച്ച്

തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമല്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവുതുക ₹1,87,000 തടസ്സപ്പെടുത്തുന്നു.

## 1-22 ആട്ട വളർത്തൽ പദ്ധതി രേഖകൾ ലഭ്യമാക്കിയില്ല.₹1,20,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 41/21, ആട്ട വളർത്തൽ പദ്ധതി |
| അടങ്കൽ | ₹40,000 (വികസന ഫണ്ട്, ജനറൽ) |
| | ₹20,000 (തനത് ഫണ്ട്) |
| | ₹60,000 (മറ്റുള്ളവ) |
| ആകെ | ₹ 1,20,000 |
| ചെലവ് | ₹ 1,20,000<br>₹40,000, ബിൽ നമ്പർ 3/20-21, 18-3-2021<br>₹60,000, ചെക്ക് നമ്പർ 5838161, 13-3-2021<br>₹20,000 ചെക്ക് നമ്പർ 5838160, 13-3-2021 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ 10 ഗുണഭോക്താക്കൾക്ക് (വനിത) 2 പെണ്ണാടുകളെ വീതം ലഭ്യമാക്കാനാണ് പ്രോജക്ട് തയ്യാറാക്കിയത്. 10 ഗുണഭോക്താക്കളും മൃഗാശുപത്രിയിൽ നിന്നും 2 വീതം ആടുകളെ ലഭ്യമാക്കിയിട്ടുണ്ടെന്നും ആടുകളുടെ വിലയായ ₹1,20,000 ഇസ്മയിൽ കക്കറയിൽ, കണ്ണവം എന്ന വ്യക്തിക്ക് അനുവദിക്കണമെന്നും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ മേൽപട്ടികയിൽ പറഞ്ഞ പ്രകാരം ₹1,20,000 പിൻവലിച്ച് ഇസ്മയിലിന്റെ 3157101010863 നമ്പർ കനറ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 01-08-2020 ന് ചേർന്ന പർച്ചേസിംഗ് കമ്മിറ്റിയുടെ മിനിട്സ് പ്രകാരം (പേജ് 62) ആടുകളുടെ ലഭ്യതക്കനുസരിച്ച് പ്രത്യേക കമ്മിറ്റി രൂപീകരിച്ച് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി രൂപീകരിച്ചതിന്റെയോ ആടുകളെ വാങ്ങുന്നതിനായി വില്പനക്കാരനെ കണ്ടെത്തിയതിന്റെയോ ടിയാളിൽ നിന്നും ആടുകളെ വാങ്ങിയതിന്റെയോ വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (21/20-21, 09-2-2022) മറുപടിയിൽ പർച്ചേസിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആടുകളെ ആരിൽ നിന്നാണ് വാങ്ങുന്നതെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

2. ഇസ്മയിൽ കക്കറയിൽ എന്ന വ്യക്തി ₹1,20,000 കൈപ്പറ്റിയതിന്റെ തുക കൈപറ്റ് രശീതി ,ഇസ്മയിലിന്റെ 3157101010863 നമ്പർ കനറ ബാങ്ക് അക്കൗണ്ടിന്റ ബാങ്ക് പാസ്സ് ബുക്ക് പകർപ്പ് , 20 ആടുകളെ പർച്ചേസിംഗ് കമ്മിറ്റിക്ക് കൈമാറിയതിന്റെയും രേഖകളും വിലച്ചീട്ടും എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ₹1,20,000 തടസ്സപ്പെടുത്തുന്നു. ഇദ്ദേഹത്തിൽ നിന്നും രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (21/9.2.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-23 വീട് വാസയോഗ്യമാക്കൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച ₹1,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മക്രേരി സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 59/21 വീട് വാസയോഗ്യമാക്കൽ (പൊതു വിഭാഗം) |
| അടങ്കൽ | ₹15,00,000 (വികസന ഫണ്ട്)<br>₹3,00,000 (തനത് ഫണ്ട്)<br>--------------<br>18,00,000 |
| ചെലവ് | ₹12,50,000 (വികസന ഫണ്ട്) |
| ബിൽ നം. , തീയതി & തുക | 7/20-21/12.2.2021 –₹250000 |

| | |
|---|---|
| | 9/20-21/23.2.2021 - ₹300000<br>19/20-21/15.3.2021 - ₹200000<br>22/20-21/22.3.2021 - ₹100000<br>27/20-21/27.3.2021 - ₹38347<br>29/20-21/31.3.2021 – ₹61653<br>31/20-21/31.3.2021 - ₹250000<br>34/20-21/31.3.2021 - ₹50000<br>---------------------------------------<br>₹12,50,000 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 18 കുടുംബങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി മെച്ചപ്പെട്ട ജീവിത സൗകര്യം ഒരുക്കികൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതി പ്രകാരം 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഒ (പി) നം.22/2019/തസ്വഭവ തീയതി 14.2.2018 ലെ ഖ. 6.7.1 പ്രകാരം പഴയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പൊതുവിഭാഗത്തിന് 75,000/- രൂപയും ഖ. 6.7.7 പ്രകാരം വീട് വാസയോഗ്യമാക്കാൻ 1,00,000/- രൂപയുമാണ് അനുവദിക്കുന്നത്. ഭവന പുനരുദ്ധാരണത്തിനുള്ള അപേക്ഷയോടൊപ്പമുള്ള രേഖകൾ പരിശോധിച്ചപ്പോൾ എസി ജി ഡി അസി. എഞ്ചിനീയറുടെ വാല്വുവേഷൻ പ്രകാരം ചുവടെ ചേർത്തിട്ടുള്ള നാല് ഗുണഭോക്താക്കൾ മേൽക്കൂര മാറ്റുന്ന പ്രവൃത്തി മാത്രം ചെയ്യുകയും ആയതിന് 1,00,000/- രൂപ വീതം നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | സരസ്വതി കെ പി, | 1,00,000 | 75,000 |
| 2 | രത്നവല്ലി | 1,00,000 | 75,000 |
| 3 | മറിയം | 1,00,000 | 75,000 |
| 4 | അനിൽകുമാർ എം | 1,00,000 | 75,000 |
| | അധികം അനുവദിച്ചത് | 25000X4 = 1,00,000 | |

സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/2021 തീയതി 11.2.2022ന് വീടുകൾ വാസയോഗ്യമാക്കുന്നതിന്റെ ഭാഗമായി മേൽക്കൂര നിർമ്മിക്കുകയും മറ്റ് അനുബന്ധ പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നും മേൽക്കൂര പ്രവൃത്തി ചെയ്തപ്പോൾ തന്നെ ഒരു ലക്ഷം രൂപയിൽ കൂടുതൽ തുക ആയതിനാലാണ് മറ്റ് പ്രവൃത്തികൾ ഉൾപ്പെടാതെ പോയതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അനുബന്ധ പ്രവൃത്തികളുടെ മൂല്യ നിർണ്ണയവും കൂടി ഉൾപ്പെടുത്തിയ വാല്വുവേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷമാണ് മേൽ പ്രവൃത്തികൾ പുനർമൂല്യ നിർണ്ണയം നടത്തി സാക്ഷ്യപത്രം സമർപ്പിക്കുന്നത്. മറുപടിയിൽ പരാമർശിച്ച പ്രകാരം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ആയത് അംഗീകരിച്ചതിന്റെ ഭരണസമിതി തീരുമാനം കൂടി ലഭ്യമാക്കേണ്ടതാണ്.

ഭരണസമിതി തീരുമാനം ഹാജരാക്കുന്നതുവരെ അധികം ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-24 ഗാർഹിക റിംഗ് കമ്പോസ്റ്റ് - TDS ഈടാക്കാതെ സ്ഥാപനത്തിന് തുക അനുവദിച്ചു- ₹31,814 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മാവിലായി സർക്കിൾ |
| പ്രോജക്ട് നം./പേര് | 57/2021, ഗാർഹിക റിംഗ് കമ്പോസ്റ്റ് |
| അടങ്കൽ | ₹2668565/- (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹296514/- (മറ്റുള്ളവ) |

| | |
|---|---|
| | ₹61/- (തനത് ഫണ്ട്) |
| | ₹2965140/- |
| ചെലവ് | ₹1536732/- (കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹137700/-(മറ്റുള്ളവ)<br>₹16,74,432 |
| ബിൽ നം./വൌച്ചർ നം. & തീയതി | 8/2020-21/2.2.2021 -₹413100<br>10/2020-21/18.2.2021 -₹413100<br>14/2020-21/17.3.2021 -₹413100<br>17/2020-21/18.2.2021-₹152847<br>24/2020-21/31.3.2021-₹144585<br>22000996/26.2.2021 -₹45900<br>22000997/26.2.2021 -₹45900<br>22001076/16.3.2021 -₹45900<br>₹16,74,432 |

പദ്ധതി പ്രകാരം 600 ഗുണഭോക്താക്കളുടെ വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന് സൂര്യ ഡിസ്ട്രിബ്യൂട്ടേർസ്, തലശ്ശേരി എന്ന സ്ഥാപനത്തിന് ₹16,74,432/- നൽകിയിട്ടുണ്ട്. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ജി എസ് ടി കുറച്ച തുകയുടെ 2% (1%+1%) തുക TDS ആയി കുറവ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം TDS കുറവ് ചെയ്യാതെയാണ് സൂര്യ ഡിസ്ട്രിബ്യൂട്ടേർസിന് തുക നൽകിയിട്ടുള്ളത്.

ജി എസ് ടി കുറവ് ചെയ്ത് ശേഷമുള്ള തുക - ₹15,90,710 (16,74,432 - 83722)

കുറവ് ചെയ്യേണ്ട TDS - ₹15,90,7 10 X 2% (15907+15907) = ₹31,814

TDSകുറവ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/2021 തീയതി 10.2.2022 ന് മറുപടി ലഭ്യമാക്കിട്ടില്ല. CGST/SGST നിയമത്തിലെ സെക്ഷൻ 122(1)(V) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി കുറവ് ചെയ്യാതിരുന്നാൽ/കുറവ് ചെയ്ത തുക സർക്കാരിലേക്ക് അടവാക്കാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 31814/- രൂപ TDS ഇനത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.₹31,814-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികളാണുള്ളത്. ഇവയിൽ 24 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ബാക്കി 3 അംഗണവാടികളുടെ കെട്ടിട നിർമ്മാണം നടന്നുവരുന്നുണ്ട്. അങ്കണവാടികൾക്കൊന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ടെങ്കിലും നിലവിലും സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. മുഴുവൻ അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി സൂക്ഷിപ്പ് കാര്യക്ഷമമല്ല

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ചതാണ് ദുരിതാശ്വാസ നിധി (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസനിധി സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. ദുരിതാശ്വാസ നിധിചട്ടം 4 ഉപചട്ടം (2) പ്രകാരം സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റി അവസാനമായി യോഗം ചേർന്നത്

2018 ലാണ് ( 29.8.2018)

2020-21വർഷം ആകെ ₹ 1500 മാത്രമാണ് നിധിയിലേക്ക് ലഭിച്ചത് . ഈ വർഷം നിധിയിൽ നിന്ന് ആർക്കും ധനസഹായം നൽകിയിട്ടില്ല

ദുരിതാശ്വാസ നിധിയുടെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B.2 ഷെഡ്യൂൾ പ്രകാരം 42,605 രൂപയാണെങ്കിലും RP-40(B) പ്രകാരം 19,95,987 രൂപ നീക്കിയിരിപ്പുണ്ട്. തനത് ഫണ്ട് നിക്ഷേപിച്ചിട്ടുള്ള സഹകരണ ബാങ്ക് അക്കൗണ്ടിൽ NEFT/RTGS സൗകര്യം ഇല്ലാത്തതിനാൽ ശുചിത്വ മിഷൻ മുഖേന ലഭിച്ച ഫണ്ട് ക്രെഡിറ്റ് ചെയ്തത് ഈ അക്കൗണ്ടിലാണ് . പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി ഒരു സ്വതന്ത്ര അക്കൗണ്ടാണ്. ഇതിന്റെ അക്കൗണ്ടിൽ മറ്റ് ഫണ്ടുകൾ നിക്ഷേപിക്കുന്നത് ക്രമപ്രകാരമല്ല. ഇത് ക്രമീകരിക്കേണ്ടതും നിധി കൂടുതൽ ജനോപകാരപ്രദമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നു വാങ്ങൽ - ചെലവുതുക ₹50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 44/21, മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹50,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | ₹ 50,000, 2/20-21, 19-02-21 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ₹50,000 ചെലവഴിച്ച് ഇരിട്ടി ന്യൂ ഫാർമയിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ) 22/18/LSGD, തീയതി 14-2-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2 -മൃഗസംരക്ഷണവും ക്ഷീരവികസനവും - കുറിപ്പ് 12 ലെ വ്യവസ്ഥ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലെബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മരുന്ന് വാങ്ങിയിട്ടുള്ളത്. നോൺ അവൈലെബിലിറ്റി സർട്ടിഫിക്കറ്റ്-യുടെ അഭാവത്തിൽ ചെലവുതുക ₹ 50,000 തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- പി.എച്ച്സി |
| പ്രോജക്ട് നമ്പർ | 45 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന പരിചരണപരിപാടി |
| അടങ്കൽ<br>ആകെ | ₹412000 വികസനഫണ്ട് പെതുവിഭാഗം<br>₹200000 തനത് ഫണ്ട്<br>₹115000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹115000 ജില്ലാപഞ്ചായത്ത് വിഹിതം<br>₹842000 |
| ചെലവ്<br>ആകെ | ₹412000 വികസനഫണ്ട് പൊതുവിഭാഗം<br>₹82978 തനത് ഫണ്ട്<br>₹75181 ജില്ലാപഞ്ചായത്ത് വിഹിതം<br>₹570159 |

മേൽ പ്രോജക്ടിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും ₹45150 മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷന് നൽകിയിട്ടുണ്ട് (ബിൽ നമ്പർ/തീയതി - 9/26.03.2021). ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 8337 | 03.11.2021 | 14199 |
| 2 | 10174 | 17.12.2021 | 10639 |
| | | | |

| | |
|---|---|
| ആകെ | **24838** |

₹20312യുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല, ₹ 35,940 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 206/21, രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 36,000 (തനത് ഫണ്ട്) |
| ചെലവ് തുക, ചെക്ക് നമ്പർ, തീയതി | ₹35,940, 2060341 , തീയതി 5-8-2020 |

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ ടി ബി എസ് പബ്ലിഷേർസ് & ഡിസ്ട്രിബ്യൂട്ടേർസ് എന്ന സ്ഥാപനത്തിൽ നിന്നും ₹35,940യ്ക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (ബിൽ നമ്പർ 2021/GLR-17, 25-06-2020). പ്രോജക്ട് നടപ്പിലാക്കുന്നതിൽ സ.ഉ.(കൈ)22/18/LSGD, തീയതി 14-2-18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.6.13 ലെ ക്രമ നമ്പർ (2) മുതൽ (6) വരെയുള്ള ചുവടെ കൊടുക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബ്ബുകളുടെ ഏകോപന സമിതി നിശ്ചയിക്കണം.

2. എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം.

3. ഓരോ ക്ലബ്ബുകൾക്കും അവരുടെ ആവശ്യത്തിനും സാധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം.

4. ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങണം.

5. നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

പ്രോജക്ട് നടപ്പിലാക്കുന്നതിന് മേല്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 18 ക്ലബ്ബുകൾ സ്പോർട്സ് ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇവ രജിസ്റ്റേർഡ് ക്ലബ്ബുകളാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടിന്റെ പൂർത്തീകരണ സക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/20-21, 09-02-2022) മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക ₹35,940 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഐറ്റം റേറ്റ് നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് - ₹11,745 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | ഇ എം എസ് കോർണർ അമ്പലമെട്ട റോഡ് ടാറിംഗ് -158/21 |
| അടങ്കൽ | 5,95,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്,ബിൽ നം. & തീയതി | 5,74,227(36/7.12.2020) |
| കരാറുകാരൻ | പിക്കോസ് |
| കരാർ തുക | 5,02,218.44/- |
| എസ്റ്റിമേറ്റ് | 5,99,000 |
| കരാർ നം. | AE(P)/21/19-20 തീയതി 21.10.2019 |
| എം ബുക്ക് | 21/19-20 |

പ്രസ്തുത പ്രവൃത്തിക്ക് ഇ-ടെണ്ടറിൽ ക്വാട്ട് ചെയ്ത (ഐറ്റം റേറ്റ്) നിരക്ക് അനുവദിക്കുന്നതിന് പകരം എസ്റ്റിമേറ്റ് നിരക്ക് (ഉയർന്ന നിരക്ക്) അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം ക്രമ നമ്പർ | ഇനം കോഡ് | ചെയ്ത പ്രവൃത്തിയുടെ അളവ് | എസ്റ്റിമേറ്റ് നിരക്ക് | ക്വാട്ട് ചെയ്ത നിരക്ക് | അനുവദിച്ച നിരക്ക് | അധികം അനുവദിച്ച നിരക്ക് | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|
| 1 | 3.15.2 | 170.051 | 55/M3 | 50/M3 | 55/M3 | 5/M3 | 850.255 |
| 3 | 4.9 | 85.02/Cum | 2700/Cum | 2600/Cum | 2700/Cum | 100/Cum | 8502 |
| 6 | 75.5.9.2.2 | 566.83/M2 | 160/M2 | 158/M2 | 160/M2 | 2/M2 | 1133.66 |
| ആകെ | | | | | | | 10485.915 |

| ഇനം | കൊടുത്ത തുക-എം.ബുക്ക് പ്രകാരം | കൊടുക്കാവുന്ന തുക | ആകെ അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 5,12,702 | 502216 (5012702 (-)10485.9) | 10,486 |
| Add 12% GST | 61,525 | 60266 | 1258.32 |
| **Total** | 574227 | 562482 | 11744.32 Rounded 11745 |

അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/9.2.2022 ) അംഗീകരിച്ച എസ്റ്റിമേറ്റ് റേറ്റ് നോക്കി ബിൽ തയ്യാറാക്കിയതിനാലാണ് അധികമായി തുക നൽകാനിടയായതെന്നും, ആയത് കരാറുകാരനിൽ നിന്നും നേരിട്ടോ, കരാറുകാരന്റെ മറ്റ് ബില്ലിൽ നിന്നോ ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

## 1-31 ക്വാട്ട് ചെയ്ത ഐറ്റം റേറ്റിലേയ്ക്ക് ലിമിറ്റ് ചെയ്യുതില്ല -അധികം നൽകിയ ₹22,595.42 ഈടാക്കി ഒടുക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | വാതക ശ്മശാനത്തിന് ചുറ്റമതിൽ, സ്റ്റെപ്പ് , സെക്യൂരിറ്റി കാബിൻ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം-204/21 |
| അടങ്കൽ | 12,50,000/- (ബ്ലോക്ക് പഞ്ചായത്ത് )<br>1,98,000/- (തനത് ഫണ്ട് ) |
| ചെലവ് | 12,50,000/-<br>1,72,710/- |
| | |

| | |
|---|---|
| വൗച്ചർ നം &തീയതി | 22000232 Dt 13.7.20 - 12,00,806<br>22001263 Dt 30.3.21 – 49,194<br>22001264dt 30.3.21 - 1,72,710 |
| കരാറുകാരൻ | കെ.വി.പത്മരാജൻ |
| ക്വാട്ട് ചെയ്ത തുക | 14,00,114.58 |
| എസ്റ്റിമേറ്റ് | 14,32,000 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് | 14,30,599 |
| സാങ്കേതികാനുമതി തുക&നമ്പർ | LSGD/TS/20749/18-19DT21.5.20- 14,30,599 |
| കരാർ നം | AE(P)/40/18-19 തീയതി 25.2.2019 |
| എം ബുക്ക് | 46/18-19, 41/19-20, 63/19-20 |

പ്രസ്തുത പ്രവൃത്തിക്ക് ഇ-ടെണ്ടറിൽ ക്വാട്ട് ചെയ്ത ഐറ്റം റേറ്റ് നിരക്ക് അനുവദിക്കുന്നതിന് പകരം എസ്റ്റിമേറ്റ് നിരക്ക് (ഉയർന്ന നിരക്ക്) അനുവദിച്ചത് വഴി കരാറുകാരന് ₹22,595.42 അധികമായി നൽകിയിട്ടുണ്ട്. ഇപ്രകാരം അധിക തുക നൽകാനിടയായതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(29/10.2.2022) റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള സപ്ലിമെന്ററി അഗ്രിമെന്റ് അനുസരിച്ച് തയ്യാറാക്കിയ ബില്ല് എഗ്രിമെന്റ് തുകയിലേക്ക് ലിമിറ്റ് ചെയ്യാൻ വിട്ടുപോയതിനാലാണ് അധിക തുക നൽകാനിടയായതെന്ന് മറുപടി നൽകിയിട്ടുണ്ട് .

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 1422710 | 14,00,114.58 | 22,595.42 |

കരാറുകാരന് അധികമായി നൽകിയ തുക 22,595.42 കരാറുകാരനിൽ നിന്ന് രശീതി നം 1210104799 തീയതി 19.2.2022ന് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.ഈടാക്കിയ തുകയിൽ നിന്നും ആനുപാതികമായ ₹ 19,883 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലുള്ളതായതിനാൽ ആയത് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-32 ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കാത്തത്

സർക്കുലർ നമ്പർ 59827/എഫ് എം/07/ തസ്വഭവ തീയതി. 30.10.2007ൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 ൽ നടപ്പാക്കിയ പ്രോജക്ടുകളിൽ നിന്നും ഈടാക്കിയ ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ LGTSB അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ തീയതി | ടാർ വീപ്പയുടെ വില |
|---|---|---|---|
| 1 | കുന്നമ്മക്കരാൽ നെല്ലിയുള്ള കണ്ട റോഡ് ടാറിംഗ്-19/21<br>അടങ്കൽ - 617000 - ധനകാര്യ കമ്മിറ്റി അവാർഡ് | 57/31.3.2021 | 2618 |

| | | | |
|---|---|---|---|
| | 5000 – തനത് ഫണ്ട്<br>ആകെ അടങ്കൽ – 622000<br>ആകെ ചെലവ് – 611686 – ധനകാര്യ കമ്മിറ്റി അവാർഡ് | | |
| 2 | പാച്ചേരി മെട്ട റോഡ് റീടാറിംഗ് -29/21<br>അടങ്കൽ – 650000 – സംരംക്ഷണ ഗ്രാന്റ് റോഡ്<br>ചെലവ് – 619494 | 65/31.3.21 | 2618 |

31.3.2021ന് 1,18,741/- രൂപ ഈയിനത്തിൽനീക്കിയിരിപ്പുള്ളതായി Sale Of Empty Barrel & CGST & SGST രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഒടുക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (17/9.2.2022) മറുപടി നൽകിയിട്ടുണ്ട് .

## 1-33 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പ് -അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രോജക്ടുകളുടെ ഫയലിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് വയ്ക്കുന്നില്ല

2- ടി ആർ 7Aകാഷ് ബുക്ക് ,പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3- 2020-21വർഷം നടപ്പിലാക്കിയ എല്ലാചെറുതും വലുതുമായ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് ആറുമാസമാണ് നൽകിയിരിക്കുന്നത്.

4-പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല.
5- റോഡ് ടാറിംഗ്,റീടാറീംഗ് പ്രവൃത്തികളിൽ ഉപയോഗിച്ച ബിറ്റുമിൻ വാങ്ങിച്ചതിന്റെ ഇൻവോയിസ് ഭൂരിഭാഗം പ്രോജക്ട് ഫയലിലും വച്ചിട്ടില്ല
ഭാവിയിൽ മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-34 ഫിഷറീസ് സബ് ഇൻസ്പെക്ടർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12.4.2006 ഉത്തരവിലെ ഖ.18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ്, ചെലവ് വിവരം രേഖപ്പെടുത്തണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വരവ്, ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക് എന്നിവ ഫിഷറീസ് സബ് ഇൻസ്പെക്ടർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഐറ്റം റേറ്റ് നിരക്കിന് പകരം എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് - ₹11,745 നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്&നം | ഇ എം എസ് കോർണർ അമ്പലമെട്ട റോഡ് ടാറിംഗ് -158/21 |
| അടങ്കൽ | 5,95,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്,ബിൽ നം. & തീയതി | 5,74,227(36/7.12.2020) |
| കരാറുകാരൻ | പിക്കോസ് |
| കരാർ തുക | 5,02,218.44/- |
| എസ്റ്റിമേറ്റ് | 5,99,000 |
| കരാർ നം. | AE(P)/21/19-20 തീയതി 21.10.2019 |
| എം ബുക്ക് | 21/19-20 |

പ്രസ്തുത പ്രവൃത്തിക്ക് ഇ-ടെണ്ടറിൽ ക്വാട്ട് ചെയ്ത (ഐറ്റം റേറ്റ്) നിരക്ക് അനുവദിക്കുന്നതിന് പകരം എസ്റ്റിമേറ്റ് നിരക്ക് (ഉയർന്ന നിരക്ക്) അനുവദിച്ചത് വഴി കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം ക്രമ നമ്പർ | ഇനം കോഡ് | ചെയ്ത പ്രവൃത്തിയുടെ അളവ് | എസ്റ്റിമേറ്റ് നിരക്ക് | ക്വാട്ട് ചെയ്ത നിരക്ക് | അനുവദിച്ച നിരക്ക് | അധികം അനുവദിച്ച നിരക്ക് | ആകെ |
|---|---|---|---|---|---|---|---|
| 1 | 3.15.2 | 170.051 | 55/M3 | 50/M3 | 55/M3 | 5/M3 | 850.255 |
| 3 | 4.9 | 85.02/Cum | 2700/Cum | 2600/Cum | 2700/Cum | 100/Cum | 8502 |
| 6 | 75.5.9.2.2 | 566.83/M2 | 160/M2 | 158/M2 | 160/M2 | 2/M2 | 1133.66 |
| ആകെ | | | | | | | 10485.915 |

| ഇനം | കൊടുത്ത തുക-എം.ബുക്ക് പ്രകാരം | കൊടുക്കാവുന്ന തുക | ആകെ അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 5,12,702 | 502216 (5012702 (-)10485.915) | 10,486 |
| Add 12% GST Compensation | 61,525 | 60266 | 1258.32 |
| **Total** | 574227 | 562482 | 11744.32 Rounded 11745 |

അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/9.2.2022 ) അംഗീകരിച്ച എസ്റ്റിമേറ്റ് റേറ്റ് നോക്കി ബിൽ തയ്യാറാക്കിയതിനാലാണ് അധികമായി തുക നൽകാനിടയായതെന്നും, ആയത് കരാറുകാരനിൽ നിന്നും നേരിട്ടോ, കരാറുകാരന്റെ മറ്റ് ബില്ലിൽ നിന്നോ ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 04.02.2022, 05.02.2022 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/248/2022 തീയതി – 12.04.2022 |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | - | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്-68/21 | 4,00,000 | 0 |
| | | 5,01,500 | നെൽ കൃഷി വികസന പദ്ധതി -1/21 | 5,01,500 | 0 |
| | | 85,000 | പച്ചക്കറികൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി നൽകൽ -4/21 | 85,000 | 0 |
| | 12,50,000 | 0 | വാതക ശ്മശാനത്തിന് ചുറ്റുമതിൽ, സ്റ്റെപ്പ് , സെക്യൂരിറ്റി കേബിൻ, വാട്ടർടാങ്ക്എന്നിവയുടെ നിർമ്മാണം 204/21 | 12,50,000 | 0 |
| | 92,452 | 4,50,000 | ക്ഷീര കർഷകർക്ക് പാലിന സബ്സിഡി -96/21 | 4,50,000 | 92,452 |
| | 1,15,000 | 0 | പാലിയേറ്റീവ് പരിചരണം | 0 | 1,15,000 |
| | 38,11,506 | 0 | ലൈഫ് പദ്ധതി-മൂന്നാം ഘട്ടം -153/21 | 14,00,000 | 24,11,506 |
| ആകെ | 52,68,958 | 14,36,500 | | 40,86,500 | 26,18,958 |
| കണ്ണൂർജില്ല പഞ്ചായത്ത് | | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്-68/21 | 4,00,000 | 0 |
| | 1400 | 75,181 | സാന്ത്വന പരിചരണ പദ്ധതി-45/21 | 75,181 | 1400 |
| | | 74,975 | സുഭിക്ഷ കേരളം പടുതാകുളം മത്സ്യകൃഷി-199/21 | 74,975 | |
| | | 69,798 | സുഭിക്ഷ കേരളം -വീട്ടുവളപ്പിൽ ബയോഫ്ലോക്ക് -201/21 | 69,798 | |
| | | 13,600 | സുഭിക്ഷ കേരളം -കര നെൽകൃഷി -170/21 | 13,600 | |
| | | 44,000 | സുഭിക്ഷ കേരളം-കാർഷീക സ്വയം പര്യാപ്ത ഗ്രാമങ്ങൾ (കുരുമുളക്)-171/21 | 44,000 | |
| | | 70,000 | സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ(നെല്ല്)-172/21 | 70,000 | |
| | | 3,87,450 | ക്ഷീര കർഷകർക്ക് പാലിന സബ്സിഡി -96/21 | 3,87,450 | |
| ആകെ | 1400 | 11,35,004 | | 11,35,004 | 1400 |

സംയുക്ത പ്രോജക്ടിൽ മേൽ പരാമർശിച്ച വിധം B4-ൽ ₹ 26,20,358 നീക്കിയിരിപ്പുണ്ട് .

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർനം& തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പിഎച്ച് സി കോമ്പൗണ്ടിൽ സോളാർ ഫീൽഡ് സ്ഥാപിക്കൽ | വൌച്ചർ നം. 22000406/ തീയതി 4.9.2020 | 1,25,00,000 | 0 | 1,25,00,000 |

## 4-4 മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പതിരിച്ചടവ്

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായതുക | ഒടുക്കിയതുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ | 10,09,085 | ലഭ്യമല്ല | 7,73,791 | 2,34,039 | 5,39,752 |

## 4-6 സ്ഥിര നിക്ഷേപം

| വർഷം | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഷെയർ സർട്ടിഫിക്കറ്റ്) | 20000 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2003-04 | 3.3.17 | മറ്റു പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 2-4 | ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 4.2.2 | മണൽ വാരൽ സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

| | | | |
|---|---|---|---|
| 2014-15 | 4.2.6 | മണൽ വിൽപ്പനയിൽ നിന്നുള്ള വരവ് ചെലവ് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 4.2.12 | മണൽ വാരുന്ന തൊഴിലാളികൾ, വള്ളക്കാർ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 5.7.9 | മൃഗരോഗ ചികിൽസ, പ്രതിരോധം ആരോഗ്യ പരിപാലനം | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 5.7.11 | കുടുംബശ്രീ വനിതകൾക്ക് കറവപ്പശു (മാതൃക) | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 ചാർജ്/ സർചാർജ് വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,15,32,910.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,57,01,580.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,745 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,25,254 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 (1-30) | | 11745 | ശ്രീമതി.വാണി.എൽ (അസിസ്റ്റന്റ്എഞ്ചിനീയർ) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,87,500 | ശ്രീ.റാം മോഹൻ ഷെട്ടി (വെറ്റിനറി സർജ്ജൻ) |
| 1-22 | 1,20,000 | ശ്രീ.റാം മോഹൻ ഷെട്ടി (വെറ്റിനറി സർജ്ജൻ) |
| 1-23 | 1,00,000 | ശ്രീ. ബിപിൻ ചന്ദ്ര.വി .ബി (വി ഇ ഒ-മക്രേരി ) |

| | | |
|---|---|---|
| 1-24 | 31,814 | ശ്രീ.സിനൂപ്.സി.വി<br>(വി ഇ ഒ -മാവിലായി ) |
| 1-27 | 50,000 | ശ്രീ.റാം മോഹൻ ഷെട്ടി<br>(വെറ്ററിനറി സർജ്ജൻ) |
| 1-29 | 35,940 | ശ്രീ.പ്രദീപൻ എം.കെ.(ഹെഡ്മാസ്റ്റർ) |
| ആകെ | 5,25,254 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 31814 | ശ്രീ.സിനൂപ് സി.വി.<br>(വി.ഇ.ഒ. മാവിലായി) |
| | | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.വാണി.എൽ<br>(അസിസ്റ്റന്റ് എഞ്ചിനിയർ) | അസിസ്റ്റന്റ് എഞ്ചിനിയർ,<br>എസ് എസ് ജി ഡി<br>സെക്ഷൻ,<br>പെരളശ്ശേരി ഗ്രാമ<br>പഞ്ചായത്ത് | ശിവ കൃപ<br>തിരുമുല്ലവാരം<br>കൊല്ലം<br>691012 |
| ശ്രീ.റാം മോഹൻ ഷെട്ടി<br>(വെറ്ററിനറി സർജ്ജൻ) | RAHC, Kanhangad | ചാത്തു കോമ്പൗണ്ട്,<br>മുള്ളരിയ (പി ഒ),<br>കാസർഗോഡ് |
| ശ്രീ. പ്രദീപൻ എം.കെ.,<br>ഹെഡ്മാസ്റ്റർ | ലഭിച്ചിട്ടില്ല | മാതയമ്പത്ത്,<br>പൂക്കോട് പി.ഒ. |
| ശ്രീ. ബിപിൻ ചന്ദ്ര.വി .ബി<br>(വി ഇ ഒ-മക്രേരി ) | വി ഇ ഒ-മക്രേരി<br>പെരളശ്ശേരി ഗ്രാമ<br>പഞ്ചായത്ത് | ചന്തു കുട്ടി ഹൗസ്<br>,മുരിങ്ങേരി |
| ശ്രീ.സിനൂപ്.സി.വി<br>(വി ഇ ഒ -മാവിലായി ) | വി ഇ ഒ-മാവിലായി<br>പെരളശ്ശേരി<br>ഗ്രാമ പഞ്ചായത്ത് | വിനായക ,<br>മുണ്ടൂർ( പി ഒ) |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം</u>

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 3 |
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 5 |
| 1990-00 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 4 |
| 2000-01(പദ്ധതി) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 3 |
| 2000-01 (പദ്ധതി ഒഴികെ) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 1 |
| 2001-02(പദ്ധതി) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 1 |
| 2001-02 (പദ്ധതി ഒഴികെ) | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 1 |
| 2002-03 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 3 |
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 1 |
| 2004-05 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 3 |
| 2005-06 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 4 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 12 |
| 2008-09 2009-10 2010-11 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 12 |
| 2011-12, 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 7 |
| 2013-14, 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 9 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 7 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.6/ 849/2019 തീയതി 13.6.2019 | 6 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.6 427/19 തീയതി 31.10.2019 | 6 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.6 | 7 |

| | | |
|---|---|---|
| | 622/2020 തീയതി 28.09.2020 | |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി6/ 579/2021 തീയതി 29.10.2021 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3-1

# RECEIPT & PAYMENT STATEMENT

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Peralassery Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33598483.75 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1486740.00 |
| 140000000 | Fees & User Charges | RP-4 | 1455503.00 |
| 150000000 | Sale & Hire Charges | RP-5 | 174931.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55632438.00 |
| 171000000 | Interest Earned | RP-9 | 523588.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6312490.00 |
| 350000000 | Other Liabilities | RP-36 | 218764.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 115623.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 1500.00 |
| 340000000 | Deposits Received | RP-34 | 242145.00 |
| 350000000 | Other Liabilities | RP-36 | 357212.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5011976.00 |
| | **Grand total** | | **105131393.75** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2761418.00 |
| 220000000 | Administrative Expenses | RP-12 | 1290507.00 |
| 230000000 | Operations & Maintenance | RP-13 | 2633760.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6535114.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20194965.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3547515.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 247659.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 570000.00 |
| 255000000 | Maintenance Projects | RP-20 | 10260266.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -32631.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 449277.00 |
| 350000000 | Other Liabilities | RP-36 | 3987872.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 4141.00 |
| 280000000 | Prior Period Item | RP-26 | -27770.00 |
| 340000000 | Deposits Received | RP-34 | 83000.00 |
| 350000000 | Other Liabilities | RP-36 | 2567170.00 |
| 410000000 | Fixed Assets | RP-38 | 8724566.00 |
| 412000000 | Capital work in Progress | RP-40 | 2911539.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4567289.00 |
| 460000000 | Loans, Advances and Deposits | RP-47 | 13425923.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 19429813.75 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **105131393.75** |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

| Peralassery Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5838839.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 470020.00 |
| 140000000 | Fee & User Charges | I-4(b) | 1759503.00 |
| 150000000 | Sale & Hire Charges | I-5(b) | 175031.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 166679372.00 |
| 171000000 | Interest Earned | I-8 | 523588.00 |
| 180000000 | Other Income | I-9 | 68727.00 |
| | **Total Income** | | **175515080.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10934204.00 |
| 220000000 | Administrative Expenses | I-11(b) | 1290507.00 |
| 230000000 | Operations & Maintenance | I-12(b) | 2813760.00 |
| 240000000 | Interest & Finance Charges | I-13 | 4141.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9787266.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41285268.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 3476632.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 247659.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 67792000.00 |
| 255000000 | Maintenance Projects | I-14(e) | 10303969.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 270000000 | Provisions and Write off | I-16 | 695.00 |
| 272000000 | Depreciation | I-17(a) | 8947778.00 |
| | **Total Expenditure** | | **157883879.00** |
| | **Gross Surplus/ Deficit of income over Expenditure** | | **17631201.00** |
| 280000000 | Prior Period Item | I-18 | -2362361.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **19993562.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **Peralassery Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2020 to 31-March-2021 | | |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 61103802.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 42605.00 |
| 312000000 | Reserves | B-3 | 42027110.00 |
| | **Total Reserve & Surplus** | | **103173517.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5922492.00 |
| | **Total Grants, Contributions for Specific Purposes** | | **5922492.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 539752.00 |
| | **Total Loans** | | **539752.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 556313.00 |
| 350000000 | Other Liabilities | B-9 | 2701061.00 |
| | **Total Current Liabilities and Provisions** | | **3257374.00** |
| | **TOTAL LIABILITIES** | | **112893135.75** |
| | **ASSETS** | | |
| | | | |

| | | | |
|---|---|---|---|
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 79706676.00 |
| 411000000 | Accumulated Depreciation | B-11 | -42045176.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **37661500.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | **Total Investments** | | **20000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 4567289.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19429813.75 |
| 460000000 | Loans, Advances and Deposits | B-18 | 51214533.00 |
| **Total Current Assets, Loans and Advances** | | | **75211635.75** |
| **Other Assets** | | | |
| **Miscellaneous Expenditure (To the Extent not written off)** | | | |
| **TOTAL ASSETS** | | | **112893135.75** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.